**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2127 — 07.03.2017 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആദിവാസികളും തോട്ടം തൊഴിലാളികളുമടക്കം പാവപ്പെട്ട ജനങ്ങളുടെ ഏക ആശ്രയമായ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജില്ലയിലെ മോഡൽ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 'ആർദ്രം' മിഷന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ജില്ലയിൽ ഒരു താലൂക്കാശുപത്രി എന്ന സമഗ്ര വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ തിരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്, സർജിക്കൽ വാർഡ്, സ്കാനിംഗ് സൗകര്യങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റ്, എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | 2016-2017 ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സി.റ്റി.സ്കാൻ വാങ്ങുന്നതിലേക്കായി 1.42 കോടി രൂപ അനുവദിച്ചു. G.O(Ms)365/2010/H&FWD, dated 18.06.2010 ഉം Order No.HT 3-101773/09/DHS, dated 19.05.2011 ഉം പ്രകാരം 8 സ്ഥാപനങ്ങൾക്ക് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ബി.എൽ.എസ്സ്. ആംബുലൻസ് അനുവദിച്ച് നൽകിയിട്ടുള്ളതിൽ ചാലക്കുടി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ